# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-1324/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.2-1324/2023 തീയ്യതി: 28/12/2023

## ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 26-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2023 | 02-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-11-2023 | 02-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എം.എസ്.രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. സി.എം.നവാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോയ്സൻ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അശ്വതി വി.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷൈനി എം.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കെ.എം.ഉഷ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.മുഹ്സിൻ പി.എം. | സെക്രട്ടറി | 01-04-2022 | 01-11-2022 |
| ശ്രീ.സെബാസ്റ്റ്യൻ തോമസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-11-2022 | 04-01-2023 |
| ശ്രീമതി സീന പി.ആർ. | സെക്രട്ടറി | 04-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൾ വാഹിദ് എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-05-2022 |
| ശ്രീ,ബൈജു എം.ബഷീർ | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 20-10-2022 |
| ശ്രീ.സെബാസ്റ്റ്യൻ തോമസ് | അസിസ്റ്റന്റ് സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീ.അഭിലാഷ് പി.ശശി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 25-09-2022 |
| ശ്രീ.ബിന്ദു കെ.ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ശ്രീ.പുഷ്പരാജൻ പി. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ.ശിൽപ വി.എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി ഷിമ്ജാ ബഷീർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.ത്യാഗരാജൻ റ്റി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 21-06-2022 |
| ശ്രീ.ഷിജു.സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 22-06-2022 | 22-09-2022 |
| ശ്രീ.അഖിൽ സെബാസ്റ്റ്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 22-09-2022 | 31-03-2023 |
| ശ്രീമതി സുമി ചെറിയാൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സനിത് കുമാർ എൻ.റ്റി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 06-01-2023 |
| ശ്രീ.കണ്ണൻ പി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 07-01-2023 | 30-01-2023 |
| ശ്രീ.ജോബിൻസ് കുര്യൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 31-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഡോൺ ബോസ്കോ | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി.) | 01-04-2022 | 30-06-2022 |
| ഡോ.വെങ്കിട്ടലക്ഷ്മി | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി.) | 01-07-2022 | 31-03-2023 |
| ഡോ.അഞ്ജു സി.പി. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി സുമ ജെ | കൃഷി അസിസ്റ്റന്റ് (അധിക ചുമതല) | 01-04-2022 | 01-08-2022 |
| ശ്രീമതി റ്റിന്റുമോൾ ജോസഫ് | കൃഷി ഓഫീസർ | 01-08-2022 | 31-03-2023 |

ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | റികൺസലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ പൂർണ്ണവും കാലികവുമാക്കിയില്ല. | 1-1-7 |
| 9 | കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-8 |
| 10 | നിക്ഷേപിച്ച് മാസങ്ങളായിട്ടും തുക ക്രെഡിറ്റാകാത്ത ചെക്കുകളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകക**ൾ** വരവിലെടുത്തില്ല. | 1-3-1 |
| 14 | റോഡിതര മെയിന്റനൻസ് ഗ്രാന്റ്, വികസന ഫണ്ട് (എസ് സി എസ് പി) ഇനങ്ങളി**ൽ** ആകെ ₹4329784/- നഷ്ടമായി | 1-3-2 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല | 1-4-1 |
| 17 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക ക**ർ**മ്മ പദ്ധതി തയ്യാറാക്കുന്നതിന് തുക വകയിരുത്തിയില്ല. | 1-4-2 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 19 | സാമൂഹ്യ ക്ഷേമ പദ്ധതികൾ | 1-6 |
| 20 | ക്യാഷ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-9 |
| 23 | തനത് വരവ് - അവലോകനം | 1-10 |
| 24 | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള | 1-11 |

| | | |
|---|---|---|
| | കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു | |
| 25 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-12 |
| 26 | കംഫർട്ട് സ്റ്റേഷൻ ലേല നടപടികളിലെ അപാകതകൾ | 1-13 |
| 27 | ഇ ടെണ്ടർഫീസ് തുക തിരികെ ലഭിച്ചില്ല | 1-14 |
| 28 | വൗച്ചർ തയ്യാറാക്കാതെ ചെലവ് നടത്തുന്നു | 1-15 |
| 29 | ആദ്യ ഗഡു തുക കൈപ്പറ്റിയതിനുശേഷം ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരണത്തിനായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-16 |
| 30 | ലൈഫ് പദ്ധതി ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല | 1-17 |
| 31 | വെള്ളക്കരം യഥാസമയം അടവാക്കുന്നില്ല | 1-18 |
| 32 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-19 |
| 33 | ആട് വിതരണം -രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകിയത് സംബന്ധിച്ച് | 1-20 |
| 34 | ബില്ലിൽ നിന്നും ടാർബാരൽ വില കുറച്ചിട്ടില്ല | 1-21 |
| 35 | വാളാർഡി എസ്റ്റേറ്റ് കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-22 |
| 36 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 1-23 |
| 37 | ജൈവ വള വിതരണം - ടെണ്ടർ നടപടി സുതാര്യമല്ല | 1-24 |
| 38 | എസ്. സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ- ഫർണ്ണിച്ചറുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല | 1-25 |
| 39 | വിവിധ ഏജൻസികൾക്ക് മുൻകൂറുകൾ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10- |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.08.2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 17-08-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വണ്ടിപ്പെരിയാർ ഗ്രാമപ്പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28/12/2023

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62 (2) (ഇ) (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ആകെ ഗ്രാന്റ് തുകകൾ ₹73253425/- ആയിരിക്കെ B-17 പ്രകാരം എല്ലാ ബാങ്ക് അക്കൗണ്ടിലെയും കൂടി ആകെ നീക്കിയിരിപ്പ് ₹55113744/- മാത്രമാണ്.

### 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ Net Increase / Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് -2754972 ആണ്. എന്നാൽ Net Cash Generated By Operating + Investing + Financing Activity (A+B+C) ആയി രേഖപ്പെടുത്തിയിരിക്കുന്നത് -141245364 ആണ്. പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല നെഗറ്റീവ് സംഖ്യകളായും കാണുന്നു.

### 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവുകളുടെയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 റികൺസലിയേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല

പ്രതിമാസ ബാങ്ക് റികൺസലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ILGMS ൽ തയ്യാറാക്കപ്പെടുന്നുണ്ടെങ്കിലും അതിന്റെ ആധികാരികത ഉറപ്പാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ട്രഷറി/ബാങ്ക് അക്കൌണ്ട് സ്റ്റേറ്റ്മെന്റുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

### 1-1-6 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. സ്റ്റോക് രജിസ്ററർ, ഡെപ്പോസിറ്റ് രജിസ്റ്റർ, അസ്സറ്റ് രജിസ്റ്റർ എന്നിവ നിശ്ചിത മാതൃകയിൽ സൂക്ഷിക്കുന്നില്ല. വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി സി ബി രേഖപ്പെടുത്തുന്നില്ല. (വിശദവിവരങ്ങൾക്ക് ഖ 1-8 ക്രമ നം. 2 കാണുക)

### 1-1-7 ആസ്തി രജിസ്റ്റർ പൂർണ്ണവും കാലികവുമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ സ്ഥാവര ആസ്തികൾ മുഴുവനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ.പീരുമേട് വില്ലേജിൽ സർവേ നം.824 ൽ പഞ്ചായത്ത് 1992 ൽ ₹220000/-കൊടുത്ത് വാങ്ങിയ (പീരുമേട് സബ് രജിസ്ട്രിയിൽ 2.4.1992 ൽ രജിസ്റ്റർ ചെയ്ത 887/92 നമ്പർ ആധാരം)രണ്ടേക്കർ സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പട്ടിട്ടില്ല. ഇതു പോലെ പഞ്ചായത്ത് പ്രതിഫലം കൊടുത്ത് വാങ്ങിയതും സൗജന്യമായി വിട്ടു കിട്ടിയതുമായ പല സ്ഥലങ്ങളും ഇപ്പോൾ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഇടുക്കി ജില്ലാ പഞ്ചായത്ത് വണ്ടിപ്പെരിയാർ ഡിവിഷൻ മെമ്പർ ശ്രീ എസ് പി രാജേന്ദ്രൻ ഓഡിറ്ററിനെ അറിയിച്ചിരിക്കുന്നു.

### 1-1-8 കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

യൂണിയൻ ബാങ്ക് വണ്ടിപ്പെരിയാർ ബ്രാഞ്ചിലുള്ള 362802010035285 നമ്പർ CFC അക്കൌണ്ടിൽ നിന്നും വൗച്ചർ നമ്പർ 22200794 തീ. 27.03.23 പ്രകാരം നല്കിയ ₹102373/-ന്റെ ചെക്ക് ഓഡിറ്റ് തീയതി വരെയും Cheque Issued But Not Encashed എന്നാണ് കാണുന്നത്.

### 1-1-9 നിക്ഷേപിച്ച് മാസങ്ങളായിട്ടും തുക ക്രെഡിറ്റാകാത്ത ചെക്കുകളിൽ തുടർ നടപടി സ്വീകരിക്കുന്നില്ല.

പഞ്ചായത്തിന്റെ കേരള ബാങ്ക് തനത് ഫണ്ടിൽ നിക്ഷേപിച്ച താഴെ പറയുന്ന തുകകൾ ഇപ്പോഴും Cheques Deposited But Not Collected എന്ന് കാണുന്നു.

| ചെക്ക് നം./വൌച്ചർ നം. തീയതി | തുക |
|---|---|
| 410662/25.11.22 | 307 |
| 121130900004/13.01.2022 | 8850 |
| 121130900002/13.01.2022 | 7500 |
| 121130900003/13.01.2022 | 24780 |
| 121130900001/13.01.2022 | 38655 |
| 0710352/30.04.22 | 7500 |

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റിന്റെ അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ഭരണ സമിതി തീരുമാനം |
|---|---|---|
| പ്രാഥമിക ബജറ്റ് | 1(1)/9.3.2022 | 1(1) / 30.3.2022 |
| പുതുക്കിയ ബജറ്റ് | 2(1)/24.3.2023 | 1(1) /27.03.2023 |

ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന തുകകൾ

| ഇനം | പ്രാഥമിക ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 20564424 | -10623010 |
| വരവ് | 389115000 | 258591593 |
| ആകെ | 409679424 | 247968583 |
| ചെലവ് | 406210000 | 246486785 |
| നീക്കിയിരിപ്പ് | 3469424 | 1481798 |

ബജറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലുമുള്ള അപാകതകൾ മുൻവർഷങ്ങളിലും പരാമർശിക്കപ്പെട്ടത്, ഓഡിറ്റ് വർഷത്തിലും പരിഹരിച്ചില്ല.

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 31291832 | 31291832 | 30965992 | - |
| വികസനഫണ്ട് – എസ്.സി.പി. | 0 | 46182168 | 46182168 | 33661078 | - |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 968000 | 968000 | 895011 | - |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) 320200113 | | 21819782 | 21819782 | 7046326 | 14773456 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) 320200104 | | 7801361 | 7801361 | 6706333 | 1095028 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 3523000 | 3523000 | 3485089 | - |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 10274000 | 10274000 | 7174072 | - |
| പശ്ചിമഘട്ട വികസന പദ്ധതി (312100186) | 500000 | 0 | 500000 | 0 | 500000 |
| 320100196-ഐ.സി.ഡി.എസ്. | 2892194 | 3058876 | 5951070 | 5516271 | 434799 |
| പട്ടിക വർഗ്ഗ വികസനം (320200214) | 69092 | 0 | 69092 | 0 | 69092 |
| ശ്മശാന ഫണ്ട് (312100501) | 985815 | 0 | 985815 | 0 | 985815 |
| Solid Waste Management (320200304) | 12001 | 0 | 12001 | 0 | 12001 |
| കുടിവെള്ളപദ്ധതി ഗ്രാന്റ് (320200305) | 1632952 | 0 | 1632952 | 0 | 1632952 |
| (320100198)- ശുചിത്വ മിഷൻ | 12417128 | 0 | 12417128 | 0 | 12417128 |
| കേരളോത്സവം (320100199) | 22 | 0 | 22 | 0 | 22 |
| (320200399) | 761 | 5540000 | 5540761 | 0 | 5540761 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 81050 | 0 | 81050 | 0 | 81050 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഗ്രാന്റ് (320300199) | 45143464 | 707724 | 45851188 | 5563000 | 40288188 |
| വിമുക്തി/ODF (320800199) | 96490 | 0 | 96490 | 0 | 96490 |
| നിർമ്മൽ പുരസ്കാരം (320100191) | 250000 | 0 | 250000 | 0 | 250000 |
| ഹെൽത്ത് ഗ്രാന്റ് 1 (320100202) | 0 | 925770 | 925770 | 0 | 925770 |
| ഹെൽത്ത് ഗ്രാന്റ് 2 (320100204) | 0 | 644947 | 644947 | 0 | 644947 |

1-3-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത തുകകൾ വരവിലെടുത്തില്ല.

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ (റെസിപ്റ്റ് & പേയ്മെന്റ്) ടി വരവ്-ചെലവ് വിവരങ്ങൾ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സർക്കാർ ഉത്തരവ് നം. | ആകെ ലഭിച്ച ഫണ്ട് ₹ | Go(Ms) 179/2022 പ്രകാരം കുറവ് ചെയ്ത തുക | അങ്കണവാടി ഹോണറേറിയം കുറവ് ചെയ്തത് ₹ | ലൈഫ് ലോണിനത്തിൽ കുറവ് ചെയ്തത് ₹ | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയ ഫണ്ട് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | സ.ഉ.(സാധാ) നം.1049/2023/ ധന./ 13.2.23 | 7695832 | 321230 | 908400 | 6466202 | 0 |
| | സ.ഉ.(സാധാ) നം. 2839/2022/ധന./ 8.4.22 | 15069000 | 0 | 908400 | 0 | 14160600 |
| | സ.ഉ.(സാധാ) നം.6872/2022/ ധന./ 12.10.22 | 8527000 | | 908400 | 7618600 | 0 |
| വികസനഫണ്ട് (SCP) | സ.ഉ.(സാധാ) നം.6872/2022/ ധന./ 12.10.22 | 15111500 | | 0 | 3209235 | 11902265 |
| | സ.ഉ.(സാധാ) നം.1049/2023/ ധന./ 13.2.23 | 15942668 | | 0 | 3201236 | 12733432 |
| വികസനഫണ്ട് (TSP) | സ.ഉ.(സാധാ) നം.6872/2022/ ധന./ 12.10.22 | 322500 | | 0 | 136824 | 185676 |
| | സ.ഉ.(സാധാ) | 322500 | | 0 | 136824 | 185676 |

| | | | | | | |
|---|---|---|---|---|---|---|
| | നം.1049/2023/ ധന. / 13.2.23 | | | | | |

1-3-2 റോഡിതര മെയിന്റനൻസ് ഗ്രാന്റ്, വികസന ഫണ്ട് (എസ് സി എസ് പി) ഇനങ്ങളിൽ ആകെ ₹4329784/- നഷ്ടമായി

അനുവദിക്കുന്ന വികസന ഫണ്ട് 80 ശതമാനത്തിൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം 15.07.2021-ലെ സ.ഉ (കൈ) നം.79/2021/ധന അനുസരിച്ച് അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം വരെ മാത്രമേ അടുത്ത സാമ്പത്തിക വർഷത്തേക്ക് ക്യാരി ഓവർ ചെയ്ത് ലഭിക്കുകയുള്ളൂ. അതിനാൽ, ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം വികസന ഫണ്ട് (എസ് സി എസ് പി), റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നീയിനങ്ങളിൽ നിന്ന് ₹4329784/- ലാപ്സായി.

| ഇനം | അലോട്ട്മെന്റ് ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ചെലവ് ശതമാനം | 2023-24-ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 10274000 | 7174072 | 3099928 | 70 | 2054800 | 1045128 |
| വികസന ഫണ്ട് (എസ് സി എസ് പി) | 46182168 | 33661078 | 12521090 | 73 | 9236434 | 3284656 |
| ആകെ ലാപ്സായ തുക | | | | | | 4329784 |

1-4 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 280 | 256908243 | 168 | 109871830 | 112 | 60 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതി വിവരങ്ങൾ

| ക്ര.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ (₹) | ചെലവ് (₹) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 6 | 86 | 7767120 | 2215340 | 29 |
| 2 | വെറ്ററിനറി സർജൻ | 13 | 8 | 62 | 12392940 | 4098929 | 33 |
| 3 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി | 2 | 2 | 100 | 1300000 | 1083017 | 83 |
| 4 | ഹെഡ് മാസ്റ്റർ, | 4 | 2 | 50 | 775000 | 594805 | 77 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഗവ.എൽ പി എസ്. | | | | | | |
| 5 | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 4 | 4 | 100 | 1000000 | 997796 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 15 | 7 | 46.66 | 102696300 | 25542493 | 25 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 1 | 0 | 0 | 100000 | 0 | 0 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 13 | 93 | 13877372 | 8855365 | 64 |
| 9 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 100 | 865000 | 865000 | 100 |
| 10 | സെക്രട്ടറി | 71 | 42 | 59 | 50089658 | 34333583 | 69 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 11 | 85 | 18691700 | 8010522 | 43 |
| 12 | അസിസ്റ്റന്റ് എഞ്ചിനിയർ | 133 | 71 | 53 | 46984153 | 23274980 | 50 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 0 | 369000 | 0 | 0 |
| | | 280 | 168 | 60 | 256908243 | 109871830 | 43 |

1-4-1 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ. തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനം നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനായി

പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കയ്യൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് വ്യക്തമാണ്. ആസ്തി സംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

### 1-4-2 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് തുക വകയിരുത്തിയില്ല.

14-ാം പദ്ധതി മാർഗ്ഗരേഖ സ. ഉ. (കൈ) നം. 84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 7.3 പ്രകാരം പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രോജക്ടിനുവേണ്ടി 2022-23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടിയിരുന്നു.

കാലാവസ്ഥാ വ്യതിയാനം മൂലം കേരളത്തിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, കടലാക്രമണം മൂലമുള്ള തീരശോഷണം, വരൾച്ച തുടങ്ങിയവയെ പ്രതിരോധിക്കുന്നതിനും അതുമൂലമുള്ള ദുരന്തങ്ങൾ ലഘൂകരിയ്ക്കുന്നതിനും ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഇത്തരത്തിലുള്ള കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. (NAPCC-National Action Plan On Climate Change & SAPCC-State

Action Plan On Climate Change). പ്രാദേശിക തലത്തിൽ കർമ്മപദ്ധതികളുടെ ആവശ്യകത വർദ്ധിച്ചുവരുന്നു. ഒരോ തദ്ദേശഭരണ സ്ഥാപനവും കാലാവസ്ഥാ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിയ്ക്കുന്നതിനുള്ള പ്രാദേശിക കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജനപ്രകൃതി, സമ്പദ് വ്യവസ്ഥ എന്നീ പൊതുവിവരങ്ങളും പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥയിലെ കഴിഞ്ഞ ദശാബ്ദങ്ങളിലെ വ്യതിയാനവും സംബന്ധിച്ച വിശദാംശങ്ങൾ ഇതിനായി രേഖപ്പെടുത്തേണ്ടതുണ്ട്. വിവിധ കാലാവസ്ഥാ പഠനകേന്ദ്രങ്ങളിൽ നിന്നും ഗവേഷണ ഏജൻസികളിൽ നിന്നുമുള്ള വിവരങ്ങൾ ഇതിനായി ക്രോഡീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തിലും ജീവനോപാധികളിലും വന്നിട്ടുള്ള മാറ്റങ്ങൾ, വിവിധ ഉല്പാദന മേഖലകളിലും ആരോഗ്യമുൾപ്പെടെയുള്ള സേവന മേഖലകളിലും കാലാവസ്ഥാവ്യതിയാനം മൂലം വന്നിട്ടുള്ള വ്യത്യാസം എന്നിവ വിലയിരുത്തേണ്ടതുണ്ട്. മാത്രമല്ല, പ്രദേശത്തെ പ്രകൃതി വിഭവങ്ങൾ, ജൈവവൈവിധ്യം എന്നിവയിലുണ്ടായിട്ടുള്ള മാറ്റങ്ങളും നിരീക്ഷിക്കേണ്ടതാണ്. കാലാവസ്ഥാ മാറ്റം കൊണ്ടുള്ള പ്രത്യാഘാതങ്ങൾ പരിശോധിക്കുന്നതിന് ഓരോ വികസനമേഖലയിലും സ്വീകരിക്കാവുന്ന വികസനതന്ത്രം, സാങ്കേതികവിദ്യകൾ മുതലായവ കണ്ടെത്തുകയും പ്രയോഗിക്കുകയും വേണം. താഴെ പറയുന്ന പ്രധാന ഘടകങ്ങൾ പ്രാദേശിക കർമ്മ പദ്ധതിയുടെ ഭാഗമാകണം.

(I) ജല സംരക്ഷണം, മണ്ണിന്റെ ദൃഢത, തീരശോഷണ നിയന്ത്രണം, പച്ചപ്പുകൾ സംരക്ഷിക്കൽ, പ്രകൃതിയെ സമ്പുഷ്ടമാക്കി പരിപാലിക്കൽ എന്നിവയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള പ്രകൃതി വിഭവ പരിപാലനം.

(Ii) ഊർജ്ജ കാര്യക്ഷമതയും ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കലും.

(Iii) സുസ്ഥിര ജല പരിപാലന രീതികൾ

(Iv) കാർബൺ ബഹിർഗമനം കുറയ്ക്കൽ

(V) ദുരന്ത ലഘൂകരണം

(Vi) മുകളിൽ സൂചിപ്പിച്ചവയ്ക്കുള്ള കർമ്മപരിപാടികൾക്ക് രൂപം നൽകുകയും സമൂഹത്തിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക.

പ്രാദേശിക കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ജി. ഒ. (എം.എസ്.) 137 / 2022 /എൽ. എസ്. ജി. ഡി. തീയതി 29.06.2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 423 | 1414639 | 1415062 | 68460 | 1346602 |
| തൊഴിലാളികളുടെ കൂലി | 0 | 42571821 | 42571821 | 42571821 | 0 |

## 1-6 സാമൂഹ്യ ക്ഷേമ പദ്ധതികൾ

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 835200 | 39 |
| വിധവാ പെൻഷൻ | 21630600 | 1267 |
| വാർദ്ധക്യകാല പെൻഷൻ | 59822700 | 4173 |
| വികലാംഗ പെൻഷൻ | 5449600 | 317 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 211000 | 14 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹28953/- യുടെ (ഇരുപത്തെണ്ണായിരത്തി തൊള്ളായിരത്തി അമ്പത്തിമൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനത്തിൽ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്.

1. 23 അംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടന അനുസരിച്ച് എല്ലാ ജിവനക്കാരെയും ഉൾക്കൊള്ളിച്ച് കൃത്യമായ ജോലി വിഭജനം നടത്തി ഓഫീസ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്.

2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല. നിക്ഷേപ രജിസ്റ്ററിൽ അന്തിമ തുകകൾ നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നിലനിർത്തിയതായും കാണുന്നു. ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി പിരിവ്, ലൈസൻസ്, തൊഴിൽ നികുതി എന്നിവയിൽ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല.

3. അതത് മാസങ്ങളിലെ വരവ് -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

4. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്. ILGMS- ൽ രേഖകൾ

പൂർണ്ണമായി അപ്‌ലോഡ് ചെയ്യാത്തതിനാൽ കണക്കുകളുടെ കൃത്യത സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

5. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണ്ണമായിട്ടില്ല.

6. ബാങ്ക്-ട്രഷറി അക്കൗണ്ടുകളുടെ എല്ലാ മാസങ്ങളിലേയും റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കി അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വസ്തുനികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പു വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

7. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദു ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 തനത് വരുമാനം പലിശരഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു

ഓൺലൈനായി ഒടുക്കുന്ന നികുതി/നികുതിയിതര വരുമാനം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് എസ്.ബി.ഐ. വണ്ടിപ്പെരിയാർ ശാഖയിൽ ഒരു ഇ-പേയ്മെന്റ് അക്കൗണ്ട് (നം.37366169934) പരിപാലിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് കറണ്ട് അക്കൗണ്ടായതിനാൽ പലിശ ഇനത്തിലുള്ള വരുമാനം ലഭിക്കുന്നില്ല. 29.11.2023 വരെയുള്ള പാസ്സ് ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം എസ്.ബി.ഐ. അക്കൗണ്ടിൽ ₹93,61,386.35/-അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം ഇത്തരത്തിൽ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചതു വഴി ഗണ്യമായ തുക പലിശയിനത്തിൽ ഇതിനോടകം നഷ്ടപ്പെട്ടിട്ടുണ്ട്. നികുതിയിനത്തിലെ നീക്കിയിരിപ്പ് അടിയന്തിരമായി പിൻവലിച്ച് തനത് ഫണ്ട് സൂക്ഷിക്കുന്ന സേവിംഗ്സ് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ, സ്ഥിരനിക്ഷേപമാക്കി മാറ്റുകയോ ചെയ്ത് പലിശ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തനത് വരവ് - അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ വിശദ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ സിംഹഭാഗവും തേയില കൃഷിയാണ്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും തോട്ടം തൊഴിലാളികളുമാണ്. അഭ്യസ്തവിദ്യരായ ആളുകൾ വിദേശത്ത് തൊഴിൽ കണ്ടെത്തുന്ന പ്രവണത നിലനിൽക്കുന്നതിനാൽ മെച്ചപ്പെട്ട വരുമാനദായകമായ തൊഴിൽ സംരംഭങ്ങളോ വൻകിട കച്ചവട സ്ഥാപനങ്ങളോ ഗ്രാമപഞ്ചായത്തിലില്ല. സർക്കാർമേഖലയിലുള്ള സ്ഥാപനങ്ങളും കുറവാണ്. ഇക്കാരണത്താൽ തന്നെ ഗ്രാമപഞ്ചായത്തിന് തനതുവരുമാനവും വളരെ കുറവാണ്. പ്രസ്തുത സാഹചര്യം ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും ഒരു പരിധിവരെ തടസ്സമാകുന്നുമുണ്ട്. വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

ഗ്രാമപഞ്ചായത്തിന്റെ പൊതുവായ സാമ്പത്തിക അച്ചടക്കരാഹിത്യം ഭരണസമിതിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിശകലനം ചെയ്ത് പ്രശ്നപരിഹാരത്തിനുള്ള സാധ്യതകൾ വേണ്ട രീതിയിൽ വിലയിരുത്തുന്നില്ല. വസ്തു നികുതി പരിഷ്കരണ വേളയിൽ വിജ്ഞാപനം ചെയ്ത കുറഞ്ഞ നിരക്കുകൾ ഈ വാദം സാധൂകരിക്കുന്നു.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 162-ാം വകുപ്പ് പ്രകാരം ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം, നികുതിസംബന്ധമായ അപ്പീൽ എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചകൾ നടത്തി തീരുമാനങ്ങൾ ക്രോഡീകരിക്കുകയും തുടർനടപടികൾക്കായി ജനറൽ കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ചെയ്യുന്ന നടപടികളിൽ വീഴ്ച വന്നിട്ടുണ്ട്.

റവന്യൂ വിഭവ സമാഹരണത്തിൽ ഭരണസമിതിയുടെ പങ്ക്

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ പ്രാവർത്തികമാക്കുവാൻ ഭരണസമിതിയുടെ ക്രിയാത്മക ഇടപെടലുകൾ ഇല്ലാത്തിനാൽ 100% റവന്യൂ പിരിവ് എന്ന ലക്ഷ്യം വിദൂരസ്വപ്നമായി ശേഷിക്കുന്നു.

എ) വസ്തുനികുതി

വസ്തുനികുതിയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനം. സഞ്ചയ സോഫ്റ്റ്വെയറിലെ രേഖപ്പെടുത്തലുകൾ പ്രകാരം പഞ്ചായത്തിന് തൻവർഷം വസ്തുനികുതിയിനത്തിൽ ₹28,35,733 ലഭ്യമാകാനവശേഷിക്കുന്നു. [വാർഷിക ധനകാര്യപത്രിക പ്രകാരം നികുതിയിനത്തിൽ കുടിശ്ശിക ₹81,87,163]. 18.10.2022 ലെ സ.ഉ.(കൈ)നം.179/2022 ധന ഉത്തരവ് പ്രകാരം നികുതി പിരിവ് 90% എന്ന ലക്ഷ്യം കൈവരിക്കാത്ത പക്ഷം പഞ്ചായത്തുകളിലെ തുടർന്നുള്ള വർഷത്തെ വികസന ഫണ്ട് ജനറലിനായി അനുവദിച്ച തുകയുടെ 1% കുറവായേ ലഭ്യമാകുകയുള്ളൂ. 2021-22 വർഷം ഇപ്രകാരം കുറവ് വന്നതിനാൽ തൻവർഷത്തെ വികസനഫണ്ട് (ജനറൽ) വിഹിതത്തിൽ നിന്ന് ₹321230/- കുറവ് ചെയ്തിരുന്നു. ആയതിനാൽ പഞ്ചായത്തിലെ വസ്തു നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കേണ്ടതാണ്. സഞ്ചയപ്രകാരം വസ്തുനികുതിയിനത്തിൽ ₹2835733 കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പ്രകാരം ഈയിനത്തിലുള്ള കുടിശ്ശിക 81,87,163 രൂപയാണ്. ഈ അന്തരത്തിന് പഞ്ചായത്ത് അധികൃതരിൽ നിന്നും വ്യക്തമായ വിശദീകരണം ലഭ്യമായിട്ടില്ല.

1. വസ്തുനികുതി പരിഷ്കരണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ (എം.എസ്)നം.77/2023 ഉത്തരവ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ ജി.ഒ(പി)നം.25/2023 ഉത്തരവു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്ക്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തദനുസരണം വണ്ടിപെരിയാർ ഗ്രാമപഞ്ചായത്ത് 24.07.2023-ലെ 2(1) തീരുമാനപ്രകാരം വസ്തുനികുതി നിരക്കുകൾ താല്ക്കാലികമായി നിശ്ചയിച്ചു.

22.08.2023 ലെ 3(2) നമ്പർ തീരുമാനപ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ പട്ടിക 1 പ്രകാരം പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങളെ മേഖലകളായി തരംതിരിച്ചിട്ടുള്ളത് അപ്രകാരം തന്നെ മാറ്റമില്ലാതെ തുടരുന്നതിന് തീരുമാനിച്ചതിനൊപ്പം പഞ്ചായത്തിൽ നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള റോഡുകൾ അപ്രകാരം തുടരുന്നതിനും 2023-24 ലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് റോഡുകൾക്ക് മാറ്റമൊന്നും വരുത്തേണ്ടതില്ലെന്നും 3(2) പ്രകാരം കമ്മറ്റി

തീരുമാനിച്ചിട്ടുണ്ട്.

30.09.2023 ലെ 3(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി പുതുക്കിയ വസ്തു നികുതി നിരക്ക് അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്നുമുള്ള നിർദ്ദേശ പ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് അപേക്ഷ ക്ഷണിച്ച് കൂടിക്കാഴ്ച നടത്തിയെങ്കിലും ഒരു കെട്ടിട നമ്പരിന് പരമാവധി 30/- എന്ന നിരക്ക് സ്വീകാര്യമാവാത്തതിനാൽ നാളിതുവരെ ആളെ തെരഞ്ഞെടുത്തിട്ടില്ല. 01.04.2023 പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ 5% നികുതി വർദ്ധനവ് സോഫ്റ്റ് വെയറിൽ പുതുക്കിയിട്ടുണ്ട്.

നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ കൂടി പാലിയ്ക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. തൊഴിൽ നികുതി

തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയാറാക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. ലൈസൻസ്

A. 2022-23 സാമ്പത്തിക വർഷത്തിൽ 190 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഹരിത കർമ്മസേനയുടെ കണക്കു പ്രകാരം 959 വാണിജ്യ സ്ഥാപനങ്ങളുണ്ട്. അതായത് 769 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച വരുന്നത്. ആയതുമൂലം ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിക്കേണ്ട വരുമാനം ഓരോ വർഷവും നഷ്ടമാകുന്നു.

B. ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം 53 കടമുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ 5 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കി വരുന്ന 48 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ളവരെ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ജീവനക്കാരുടെ, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി

A. 2022-23 സാമ്പത്തിക വർഷത്തിൽ 190 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഹരിത കർമ്മസേനയുടെ കണക്കു പ്രകാരം 959 വാണിജ്യ സ്ഥാപനങ്ങളുണ്ട്. അതായത് 769 സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ അടവാക്കാതെയാണ് പ്രവർത്തിച്ച വരുന്നത്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനം ഓരോ വർഷവും നഷ്ടമാകുന്നു.

B. ഗ്രാമപഞ്ചായത്തിന്റെ വാടക രജിസ്റ്റർ പ്രകാരം 53 കടമുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ 5 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ബാക്കി വരുന്ന 48 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ച വരുന്നത്. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതുമൂലം സ്ഥാപനങ്ങളിൽ നിന്നുള്ള സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നു.

5. വാടക

2022-23 സാമ്പത്തിക വർഷത്തിൽ വൻ കുടിശ്ശിക വാടകയിനത്തിൽ പിരിച്ചെടുക്കേണ്ടതായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 23,26,980/-രൂപ കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര

നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി രേഖകൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹50/-ച.മീറ്റർ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും കെട്ടിടത്തിന്റെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണ്. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഇത്തരം കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം | നിർണയിച്ച നികുതി ₹ | നിർണയിക്കേണ്ടിയിരുന്ന നികുതി ₹ | നികുതി നഷ്ടം ₹ |
|---|---|---|---|---|---|---|
| 1 | 7/669 | ഉമർ ബറൂക്, കരാർ ഹൌസ്, വണ്ടിപെരിയാർ, വണ്ടിപ്പെരിയാർ പി ഒ, 685533 | താഴത്തെ നില (268ച മീ), ഒന്നാം നില (71ച മീ) | 16950 (339x50) | 20340 (339x60) | 3390 |
| 2 | 7/466 | സ്റ്റീഫൻ, ജയാ സ്റ്റോർ, വണ്ടിപ്പെരിയാർ പി ഒ, 685533 | താഴത്തെ നില (187ച മീ) | 9350 (187x50) | 11220 (187x60) | 1870 |

വസ്തു നികുതി നിർണയിച്ചതിൽ ₹5260/- യുടെ കുറവ് സംഭവിച്ചിട്ടുണ്ട്. 100 ച. മീ. ന് മേൽ വലിപ്പമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വിവിധ മുറികളായി തിരിച്ച് കെട്ടിട നമ്പർ നൽകുന്ന സാഹചര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203(2), (7), (9) പ്രകാരം നികുതി നിർണ്ണയിക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച്, മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ള പക്ഷം മുൻവർഷങ്ങളിലുൾപ്പെടെയുള്ള നികുതി പുനർനിർണ്ണയിച്ച് ഡിമാൻഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-12 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളുടെയും ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

I) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | |
|---|---|---|---|
| 1. | അഴുത ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം | I | II |
| 2. | State Vegitable Farm | - | II |

| | | | |
|---|---|---|---|
| 3. | ഇൻഡസ്ഇൻഡ് ബാങ്ക് ലിമിറ്റഡ് | - | II |
| 4. | പോബ്സ് - പശുമലൈ എസ്റ്റേറ്റ് | I | - |
| 5. | മ്ലാമല മാവേലി സ്റ്റോർ | I | II |
| 6. | ആയുഷ് (NHM) ഹോമിയോ ഡിസ്പെൻസറി | - | II |
| 7. | Continuous Education Centre | I | II |
| 8. | കുടുംബശ്രീ സി ഡി എസ് | - | II |
| 9. | റേഞ്ച് ഫോറസ്റ്റ് ഓഫീസ്, വള്ളക്കടവ് | - | II |
| 10. | പോലീസ് സ്റ്റേഷൻ, വണ്ടിപെരിയാർ | - | II |
| 11. | സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വണ്ടിപെരിയാർ | I | II |
| 12. | വിമല പബ്ലിക് സ്കൂൾ, തേങ്ങാക്കൽ | - | II |
| 13 | മലനാട് ടീ ഫാക്ടറി | I | II |

Ii) 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | | റിമാർക്സ് |
|---|---|---|---|---|
| 1 | മലനാട് ടീ ഫാർമേഴ്സ് സൊസൈറ്റി | I | II | 2021-22 & 2022-23 |
| 2 | സഹകരണ ആശുപത്രി, വണ്ടിപെരിയാർ | I | II | |
| 3 | കുന്നേൽ ഫിനാൻസിയേഴ്സ് | I | II | |
| 4 | മലനാട് റൂറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നം. I-658 | I | II | |

തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.10/30.11.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-13 കംഫർട്ട് സ്റ്റേഷൻ ലേല നടപടികളിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് 22.02.2022-ാം തീയതിയിൽ പ്രസിദ്ധീകരിച്ച ലേല പരസ്യ പ്രകാരം ബസ് സ്റ്റാന്റ് ടോൾ പിരിവ്, പാർക്കിംഗ് ഫീസ് പിരിവ്, സബ്സ്റ്റേഷന് സമീപമുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള ഫീസ് പിരിവ് എന്നിവ 03.03.2022-ൽ ലേലം ചെയ്തിരുന്നു. ബസ് സ്റ്റാന്റ് ടോൾ പിരിവ്, പാർക്കിംഗ് ഫീസ് പിരിവ് എന്നിവയുടെ ലേല നടപടികളിൽ ആരും പങ്കെടുത്തിരുന്നില്ല. ഏറ്റവും കൂടിയ തുക (₹6500 + 18% ജി.എസ്.ടി.) ക്വോട്ട് ചെയ്ത ശ്രീ. ഷെമീർ എന്നയാൾക്ക് കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള ഫീസ് പിരിവ് അവകാശം നൽകുകയും ചെയ്തിട്ടുണ്ട്. ലേല നടപടികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സബ്സ്റ്റേഷന് സമീപമുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള ഫീസ് പിരിവിന് ഒരു നിശ്ചിത അടിസ്ഥാന ലേല തുക നിശ്ചയിക്കാതെയാണ് ലേല നടപടികൾ നടത്തിയിട്ടുള്ളത്. ലേല നോട്ടീസിലും അടിസ്ഥാന ലേല തുക രേഖപ്പെടുത്തിയിരുന്നില്ല. ലേലം ചെയ്ത നൽകിയിട്ടുള്ള കംഫർട്ട് സ്റ്റേഷൻ 2021-22 വർഷത്തെ ടേക്ക് എ ബ്രേക്ക് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതാണ്. കംഫർട്ട് സ്റ്റേഷനോട് ചേർന്ന് ഒരു റസ്റ്റോറന്റ് കൂടി പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത റെസ്റ്റോറന്റ് കൂടി ഉൾപ്പെടെയാണ് കംഫർട്ട് സ്റ്റേഷൻ എന്ന പേരിൽ ശ്രീ. ഷമീർ

എന്നയാൾക്ക് ലേലം ചെയ്തു നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ മൂല്യനിർണ്ണയം നടത്തി ഒരു അടിസ്ഥാന തുക തിട്ടപ്പെടുത്താതെയാണ് റെസ്റ്റോറന്റ് സൌകര്യത്തോടുകൂടിയ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്തു നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ടേക്ക് എ ബ്രേക്ക് കംഫർട്ട് സ്റ്റേഷനാണെന്ന് പൊതുജനങ്ങളെ ധരിപ്പിക്കുന്ന യാതൊരു ബോർഡും സ്ഥലത്ത് സ്ഥാപിച്ചിട്ടില്ല.

2. ബസ് സ്റ്റാന്റ് ടോൾ പിരിവ്, പാർക്കിംഗ് ഫീസ് പിരിവ് എന്നിവയുടെ ആദ്യ ലേലത്തിൽ ആരും പങ്കെടുത്തിരുന്നില്ലെങ്കിലും പിന്നീട് പുനർലേല നടപടികൾ സ്വീകരിച്ച് ഫീസ് പിരിവ് അവകാശം ആർക്കും നൽകിയിട്ടുള്ളതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബസ് സ്റ്റാന്റ് ടോൾ പിരിവ്, പാർക്കിംഗ് ഫീസ് എന്നിവയും ലേലം ചെയ്തു നൽകി ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ഇ ടെണ്ടർഫീസ് തുക തിരികെ ലഭിച്ചില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.09.2013-ലെ ജി.ഒ.(എം.എസ്.)318/2013 നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫാറം വിലയിനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. 2015-16 വർഷം മുതലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പ്രോജക്റ്റുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർ ഫീ ₹ | തിരികെ ലഭിച്ച തുക ₹ | ബാലൻസ് ₹ |
|---|---|---|---|---|
| 2015-16 | 28 | 44100 | 00 | 44100 |
| 2016-17 | 20 | 38600 | 00 | 38600 |
| 2017-18 | 38 | 79100 | 00 | 79100 |
| 2018-19 | 164 | 149400 | 00 | 149400 |
| 2019-20 | 74 | 138500 | 00 | 138500 |
| 2020-21 | 54 | 74886 | 00 | 74886 |

| | | | | |
|---|---|---|---|---|
| 2021-22 | 23 | 34000 | 00 | 34000 |
| 2022-23 | 7 | 18990 | 00 | 18990 |
| ആകെ | 404 | 577576 | 00 | 577576 |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ./ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് ഈ നിർദ്ദേശം പാലിച്ചിട്ടില്ല. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇതുസംബന്ധിച്ച് പരാമർശമുണ്ടെങ്കിലും തുടർനടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീ ഇനത്തിലെ തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിനും, ഇ-ടെണ്ടർഫീസ് ആവശ്യത്തിലേക്കായി അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വൗച്ചർ തയ്യാറാക്കാതെ ചെലവ് നടത്തുന്നു

2022-23 വർഷത്തെ അക്കൌണ്ടുകളിലെ പണം ഒടുക്ക്/പിൻവലിക്കൽ പരിശോധനയിൽ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് സൂക്ഷിക്കുന്നതിനായുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ (ഇ-പേമെന്റ് അക്കൗണ്ട് നം.37366169934) അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച് വൗച്ചർ തയ്യാറാക്കാതെ പേയ്മെന്റ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വന്ന തീയതി |
|---|---|---|---|---|
| 1 | 496526 | 21.09.2023 | 3500 | 01.12.2023 |
| 2 | 496527 | 21.09.2023 | 10000 | 01.12.2023 |

ചെലവ് നടത്തി മാസങ്ങൾക്ക് ശേഷം മാത്രം വൗച്ചർ തയ്യാറാക്കുന്നതിനാൽ ബാങ്ക് ബുക്കിൽ യഥാസമയം രേഖപ്പെടുത്തലുകൾ വരുന്നില്ല. ഇത് ശരിയായ നടപടിയല്ല. വൗച്ചർ തയ്യാറാക്കിയതിനു ശേഷം ചെലവ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ആദ്യ ഗഡു തുക കൈപ്പറ്റിയതിനുശേഷം ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരണത്തിനായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

പ്രോജക്ട് നം. : S0061/23 (SO)

പേര് : എസ്. സി. വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : ₹3150000

ചെലവ് : ₹2299122

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് പഠനമുറിക്കായി ആദ്യഗഡു തുക കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ബിൽ നം | തുക ₹ |
|---|---|---|---|
| 1 | ശ്രീധർ കെ., എകെജി കോളനി | 22100252013700727565/ 3.11.22 | 50,000/- |
| | | 21100252013701185972/ 23.2.22 | 50,000/- |
| 2. | ശിവേന്ദ്ര, ശിവാലയം, അയ്യപ്പൻകോവിൽ, പാറമട | 21100252013701108723/ 11.2.22 | 50,000/- |
| 3 | അശ്വതി എ., മുങ്കലാർ | 21100252013701248623/ 04.3.22 | 50,000/- |
| 4 | അശ്വതി ജെ., 8 Acre Puthuval, Dymok | 22100252013701283515/ 23.3.23 | 50,000/- |
| 5. | പ്രദീപ എം., മ്ലാമല, തേങ്ങാക്കൽ | 21100252013701108723/ 11.2.22 | 50,000/- |
| | | 22100200000009960/ 3.11.22 (UTR No) | 50,000/- |
| | | 22100200000015924/ 3.3.23 (UTR No) | 50,000/- |
| 6 | വിഷ്ണു പ്രിയ, മണിമംഗലത്ത്, കാരിക്കോട് | 21100252013701248623/ 04.3.22 | 50,000/- |
| 7 | രഞ്ജിത്ത് ആർ, കണിമാരചോല, ഡൈമുക്ക് | 21100252013701185972/ 23.2.22 | 50,000/- |
| | | 22100252013701295983/ 17.1.23 | 50,000/- |
| | | 22100252013701059854/ 17.1.23 | 50,000/- |

ക്രമ നം. 1, 5, 7 ആയി പരാമർശിച്ചിട്ടുള്ള വിദ്യാർത്ഥികൾ പണി നടത്തിയതിന്റെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ബാക്കി വിദ്യാർത്ഥികൾ പണി ആരംഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 3/29.11.23 നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പഠനമുറി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

1-17 ലൈഫ് പദ്ധതി ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെ പണി ആരംഭിച്ചിട്ടില്ല

പദ്ധതി നം. 63/23, 64/23

പേര്: ലൈഫ് പദ്ധതി എസ്.സി.പി, ടി. എസ്. പി. അഡിഷണൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ : ₹7200000/-, ₹800000/-

ചെലവ് : ₹960000/-, ₹80000/-

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | പേര് | തുക, ₹ | സാമ്പത്തിക വർഷം |
|---|---|---|---|
| 1. | ചെല്ലദുരൈ, ഡൈമോക്ക് എസ്റ്റേറ്റ് | 40,000/- | 2021-22 |
| 2. | ഗീത, നെല്ലിമല എസ്റ്റേറ്റ് | 40,000/- | 2021-22 |
| 3. | ഇന്ദിര, ഡൈമോക്ക് എസ്റ്റേറ്റ് | 40,000/- | 2021-22 |
| 4. | രാജകുമാർ, ഡൈമോക്ക് എസ്റ്റേറ്റ് | 40,000/- | 2022-23 |
| 5. | സരസ്വതി, കണിമാരചോല 209, ഡൈമുക്ക് | 40,000/- | 2022-23 |
| 6 | സുധാകർ, മൂങ്കിലാർ, എഴമുക്ക് പുതുവൽ | 40,000/- | 2022-23 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പണി ആരംഭിച്ചിട്ടുണ്ടോ എന്നും പണി ആരംഭിച്ചിട്ടില്ലെങ്കിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 4/29.11.23) നൽകിയെങ്കിലും, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നാളിതു വരെയായിട്ടും പണി ആരംഭിക്കാത്തപക്ഷം കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 വെള്ളക്കരം യഥാസമയം അടവാക്കുന്നില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | 72/23 ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം അടവാക്കൽ (SO) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | മെയിന്റനൻസ് ഫണ്ട് 775500 |
| ചെലവ് | മെയിന്റനൻസ് ഫണ്ട് 156493<br>BRN No. 2210025201360084 7367/01.12.2022 ₹122730<br>221002520136009 00224/13.12.2022 ₹33763 |

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശ്ശിക വരുത്താൻ പാടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11.06.2012-ലെ സ.ഉ.(സാധാ.)നം.1583/12/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.72/23 ഗ്രാമപ്പഞ്ചായത്തിന്റെ വെള്ളക്കരം അടവാക്കൽ (SO) പദ്ധതി പ്രകാരം 08/22 മുതൽ 12/22 വരെ പ്രതിമാസം 33763/- രൂപ നിരക്കിൽ (70 ടാപ്പുകൾ) വെള്ളക്കരം അടവാക്കിയിട്ടുണ്ട്. 2022 ഫെബ്രുവരി മാസം വരെയുള്ള വെള്ളക്കരത്തിന്റെ മുതൽ ഇനത്തിലുള്ള തുക 27.03.2022 ൽ അടവാക്കിയിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 09.03.2022 ലെ എ3-2054/22 നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

2. പൊതുടാപ്പുകളുടെ എണ്ണം, ടാപ്പുകൾ സ്ഥിതി ചെയ്യുന്ന വാർഡ് എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. വെള്ളക്കരം അടവാക്കുന്നതിനായി പദ്ധതി പ്രകാരം ₹775500 വകയിരുത്തിയിരുന്നെങ്കിലും 03/22 മുതൽ 07/22 വരെയും 01/23 മുതൽ 03/23 വരെയും ഉള്ള വെള്ളക്കരം അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

10/23 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 778845 രൂപ കുടിശ്ശിക ഇനത്തിലും 15309 രൂപ ഫൈൻ ഇനത്തിലും അടവാക്കാൻ അവശേഷിക്കുന്നു. 10/23 ലെ ഡിമാന്റ് ഇനത്തിലുള്ള 84928 രൂപ ഉൾപ്പെടെ 12/10/2023 ൽ 879082 രൂപയുടെ ഡിമാന്റ് നോട്ടീസാണ് സ്ഥാപനത്തിന് ലഭ്യമായിരിക്കുന്നത്. കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് രേഖകൾ സഹിതമുള്ള വിശദീകരണവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/30.11.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കുന്നതിനും ആയതിനനുസരിച്ചുള്ള ടാപ്പുകളുടെ വെള്ളക്കരം കൃത്യമായി അടവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

1) വിഹിതം നൽകൽ പദ്ധതികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ നം., പേര് | അടങ്കൽ ₹ | ചെലവ് ₹ |
|---|---|---|---|
| 1 | 247/23, എസ് എസ് എ വിഹിതം എസ്.സി.പി. | വികസനഫണ്ട് (എസ്.സി.പി) 827793 | ₹827793<br>BRN No. 22100252013600818255/ 24.11.2022 |
| 2 | 89/23 സർവ്വ ശിക്ഷാ അഭിയാൻ (ജനറൽ) | വികസനഫണ്ട് (പൊതുവിഭാഗം) 1500000 | ₹1500000<br>BRN No. 22100252013600818250/ |

| | | | |
|---|---|---|---|
| | | | 24.11.2022 |
| 3 | 109/23 പി എം എ വൈ വിഹിതം അടവാക്കൽ ജനറൽ | വികസനഫണ്ട് (പൊതുവിഭാഗം) 700000 | ₹700000<br>BRN No. 22100252013601146158/ 06.02.2023 |
| 4 | 97/23 പി എം എ വൈ വിഹിതം അടവാക്കൽ-എസ് സി പി | വികസനഫണ്ട് (എസ്.സി.പി) 1500000 | ₹1035000<br>BRN No. 2210025201360114617 4/ 06.02.2023 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികളിൽ ക്രമ നം. 1, 2 എന്നിവ പ്രകാരം പീരുമേട് ബ്ലോക്ക് പ്രോജക്ട് കോ-ഓർഡിനേറ്റർക്കും ക്രമ നം.3, 4 എന്നിവ പ്രകാരം അഴുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും പദ്ധതിവിഹിതമായി തുക നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/01.12.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

2) നിക്ഷേപ പ്രവൃത്തിക ൾ

| പദ്ധതിയുടെ നം., പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ, ₹ | ചെലവ്, ₹ |
|---|---|---|---|
| 99/23, അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | കെ എസ് ഇ ബി | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ₹252883 | ₹252883<br>BRN No. 2210025201360067272 3 / 20.10.2022 ₹246121<br>2210025201360087751 9 / 07.12.2022 ₹6762 |
| 107/23, ടേക്ക് എ ബ്രേക്ക് കെട്ടിടത്തിനുസമീപമുള്ള ഇലക്ട്രിക് ലൈനും പോസ്റ്റും മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | ധനകാര്യകമ്മീഷൻ അവാർഡ് ₹60000 | ₹46262<br>PFMS I D -0046EATPAYREQ300820221 5693 /24.11.2022 |
| 79/23, വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (SO) | കെ എസ് ഇ ബി | തനത് ഫണ്ട് 69851 | ₹32801<br>ചെക്ക് നം. 14081 / 18.10.2022 |
| 118/23, വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (SO) | കെ എസ് ഇ ബി | തനത് ഫണ്ട് 300000 | ₹89237<br>ചെക്ക് നം. 6541669/03.12.2022 |
| 13/23, വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (SO) | ഡിസ്ട്രിക്ട്ഓഫീസർ, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തൊടുപുഴ | ധനകാര്യകമ്മീഷൻ അവാർഡ് ₹3524127 | ₹56115<br>BRN No. 2210025201360081823 7/ 20.10.2022 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരവും നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/01.12.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിഹിതം നൽകൽ പദ്ധതിയ്ക്കായി ചെലവഴിച്ച 4062793/- രൂപയും നിക്ഷേപ

പ്രവൃത്തികൾക്കായി ചെലവഴിച്ച 477298/- രൂപയും ഉൾപ്പെടെയുള്ള 4540091/- രൂപ തടസ്സപ്പെടുത്തുന്നു.

വിഹിതം നൽകൽ, നിക്ഷേപ പ്രവൃത്തികൾ എന്നീയിനങ്ങളിൽ തൻവർഷം നടപ്പാക്കിയ പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരവും ഗ്രാമപഞ്ചായത്തിൽനിന്നും നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

1-20 ആട് വിതരണം -രേഖകൾ ഇല്ലാതെ ആനുകൂല്യം നൽകിയത് സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നം/പേര് | 246/23-ആട് വിതരണം എസ്.സി.പി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ആകെ തുക | 1023750 |
| ചെലവ് | 945000 |
| ബിൽ നം./തീയതി-തുക | 1. 22100252009101337559 / 13-3-23- ₹210000<br>2. 22100252009101337536 / 13-3-23- ₹288750<br>3. 22100252009101459640 / 24-3-23- ₹131250<br>4. 22100252009101505177 / 27-03-23- ₹78750<br>5. 22100252009101487734 / 26-03-23- ₹236250 |

2022-23 വർഷം നിർവ്വഹണം നടത്തിയ ആട് വിതരണം എസ്.സി.പി. എന്ന പ്രോജക്ട് പ്രകാരം സെന്റ് മേരീസ് ഫാം, ചേനപ്പാടി, കാഞ്ഞിരപ്പിള്ളി എന്ന ഫാമിൽ നിന്നും 36 ഗുണഭോക്താക്കൾക്ക് 35000/- രൂപ നിരക്കിൽ (26250 + 8750 (ഗുണഭോക്തൃവിഹിതം) പെണ്ണാടുകളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 5 ആടുകളെ വീതം ആണ് നൽകിയത്. ഒരാടിന് 7000 രൂപ നിരക്കിൽ 35000 രൂപയിൽ 25% തുകയായ 8750/-രൂപ ഗുണഭോക്തൃ വിഹിതം ആയി കർഷകർ നേരിട്ട് ഫാമിൽ അടച്ചിട്ടുള്ളതാണ്. ആകെ ഗുണഭോക്തൃ വിഹിതം ആയി 315000 രൂപ കർഷകർ അടച്ചിട്ടുണ്ട്. ഫാമിന്റെ ഇൻവോയ്സ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഫാം ബിൽ നം/തീയതി | ആടുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | 159/21-10-2022 | 40 | 280000 |
| 2 | 163/02-03-2023 | 55 | 385000 |
| 3 | 177/28-03-2023 | 15 | 105000 |
| 4 | 179/28-03-2023 | 25 | 175000 |
| 5* | 180/28-03-2023 | 15 | 315000 |

*ഗുണഭോക്തൃ വിഹിതമായിട്ട് കർഷകർ നേരിട്ട് ഫാമിൽ അടച്ചിരിക്കുന്ന തുക.

ആട് വിതരണത്തിനു വേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് പല ഗുണഭോക്താക്കൾക്കും ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളിൽ നിന്ന് കളക്ട് ചെയ്യേണ്ട രേഖകളായ ജാതി,വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ പോളിസി സർട്ടിഫിക്കറ്റ് എന്നിവ ഇല്ലാതെ ആനുകൂല്യം നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താവുമായി

കരാറിൽ ഏർപ്പെടാത്തതും, വാങ്ങിയ ആടുകളുടെ ടാഗ് ഉൾപ്പെടെയുള്ള ഫോട്ടോ ഇല്ലാതെയും ആണ് ആനുകൂല്യങ്ങൾ നൽകിയിരിക്കുന്നത്. രേഖകൾ ഇല്ലാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് /വാർഡ് നം. | ആടുകളുടെ എണ്ണം | സബ്സിഡി തുക |
|---|---|---|---|
| 1 | സരസ്വതി, നെല്ലിമല ,/15 | 5 | 26250 |
| 2 | അഞ്ജന, വാളാർഡി 2nd ഡിവിഷൻ/6 | 5 | 26250 |
| 3 | ജയമണി, തങ്കമല എസ്റ്റേറ്റ്/10 | 5 | 26250 |
| 4 | ഐശ്വര്യ ആർ, നെല്ലിമല എസ്റ്റേറ്റ് /5 | 5 | 26250 |
| 5 | ശ്രീരാം/തേങ്ങാക്കൽ/22 | 5 | 26250 |
| 6 | ആശ, ഡൈമുക്ക് പുതുവയൽ/2 | 5 | 26250 |
| 7 | മാരിയമ്മ, പശുമല/20 | 5 | 26250 |
| 8 | വനിത, പശുമല/20 | 5 | 26250 |
| 9 | വസന്ത, HOP കോളനി/17 | 5 | 26250 |
| 10 | കെ.കാളീശ്വരി, ഇഞ്ചിക്കാട്/9 | 5 | 26250 |
| | | | 262500 |

പൂർണ്ണമായ രേഖകൾ ഇല്ലാതെ ആനുകൂല്യം വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/01-12-2023 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുമ്പോൾ മുഴവൻ രേഖകളും കളക്ട് ചെയ്ത് ഫയലിനോടൊപ്പം സൂക്ഷിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ജാഗ്രത പാലിക്കേണ്ടതാണ്.

1-21 ബില്ലിൽ നിന്നും ടാർബാരൽ വില കുറച്ചിട്ടില്ല

ചുവടെ ചേർത്തിരിക്കുന്ന റോഡ് നവീകരണപ്രവൃത്തികളിൽ ടാറിംഗ് ഇനങ്ങൾക്ക് പായ്ക്ക്ഡ് ബിറ്റുമിൻ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും, പ്രവൃത്തികളുടെ ബിൽ നൽകിയ വേളയിൽ ബാരൽ വില ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ ഉപയോഗിച്ച ടാറിന്റെ അളവ് അടിസ്ഥാനത്തിൽ ബാരൽ എണ്ണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഉപയോഗിച്ച ടാറിന്റെ അളവ് | പ്രോജക്ട് ചെലവ് | ബിൽ വിവരങ്ങൾ |
|---|---|---|---|
| എ.കെ.ജി കോളനി റോഡ് ടാറിംഗ് (28/23) | 12 ബാരൽ | 418807/- | 22100252013800079334/7-5-2022 |
| തേയിലക്കാട് മത്തായിമൊട്ട റോഡ് ടാറിംഗ് (34/23) | 13 ബാരൽ | 419161/- | 22100252013800079294/7-5-2022 |
| | ആകെ - 25 ബാരൽ | | |

നികുതി അടക്കമുള്ള ബാരൽ വില 7025 രൂപ (281 X 25) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 വാളാർഡി എസ്റ്റേറ്റ് കുടിവെള്ള പദ്ധതി -ലക്ഷ്യം കൈവരിച്ചിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വാളാർഡി എസ്റ്റേറ്റ് കുടിവെള്ളപദ്ധതിക്ക് (340/23)

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ടി 297699/-രൂപ (BRN 2210025201380153816 / 28.3.2023) ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 50mm ജി.ഐ പൈപ്പ് 80 മീ., 40 Mm ജി.ഐ പൈപ്പ് 353.5 മീറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ടാങ്കിൽ നിന്നും വിതരണത്തിനുള്ള പൈപ്പുകളാണ് വിന്യസിച്ചിട്ടുള്ളത്. നിലവിൽ കുടിവെള്ള സ്രോതസ്സിൽ നിന്നും ടാങ്കിലേക്ക് വെള്ളം എത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. തൽഫലമായി നിലവിൽ ചെയ്തിട്ടുള്ള പ്രോജക്ട് മുഖേന വെള്ളം ഗുണഭോക്താക്കൾക്ക് എത്തിക്കാൻ സാധിച്ചിട്ടില്ല. പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.16 / 01.12.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. കുടിവെള്ള സ്രോതസ്സിൽ നിന്നും ടാങ്കിലേക്ക് വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി 2023-24 വർഷത്തിൽ നടപ്പാക്കുമെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-23 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടുകളെയും അവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 210- പച്ചക്കറിതൈ വിതരണം - ഞങ്ങളും കൃഷിയിലേക്ക് | 186000 | 0 |
| 2 | 177- കുമ്മായ വിതരണം | 964453 | 74996 |
| 3 | 175-വേപ്പിൻ പിണ്ണാക്ക് വിതരണം | 2666667 | 272190 |
| 4 | 322-കൃഷി ഓഫീസിലെ കണ്ടിജൻസി ചെലവും പ്രിന്റർ വാങ്ങലും | 125000 | 22541 |
| 5 | 49 – കർഷകർക്ക് കുമ്മായ വിതരണം (SO) | 445000 | 302693 |
| 6 | 50 – കർഷകർക്ക് ചതച്ച വേപ്പിൻ പിണ്ണാക്ക് വിതരണം (SO) | 2000000 | 1500000 |
| 7 | 191- പമ്പ് സെറ്റ് വിതരണം അനുബന്ധ സാധനങ്ങൾ ഉൾപ്പെടെ | 1380000 | 42920 |
| | ആകെ | 7767120 | 2215340 |

1. ₹7767120/- അടങ്കലിൽ 7 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 6 എണ്ണത്തിലായി ₹2215340/- മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. അടങ്കൽ തുകയുടെ 28.52% മാത്രമാണ് ചെലവ്.

ജനങ്ങളിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരാണെങ്കിലും ഗുണഭോക്താക്കളുടെ എണ്ണവും ആവശ്യവും വിലയിരുത്താതെ പ്രോജക്ട് ആവിഷ്കരിച്ചതിനാലാണ് പദ്ധതി നിർവ്വഹണത്തിൽ പുരോഗതി കൈവരിക്കാനാവാത്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2. തൈകൾ, വളം ഇവയുടെ വിതരണത്തിനായാണ് 6 പ്രോജക്ടുകളും ആവിഷ്കരിച്ചത് എങ്കിലും ടി പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളും വിതരണവും നടത്തിയത് 2023 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായാണ്. കാലാവസ്ഥയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന മേഖലയിൽ വിതരണ പ്രോജക്ടുകൾ വേനൽകാലത്ത് നടപ്പാക്കിയതും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിക്ക് വിഘാതമായി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/30.11.2023) ക്ക് മറുപടി ലഭ്യമാക്കിയെങ്കിലും

ഓഡിറ്റ് ചൂണ്ടിക്കാട്ടിയ വിഷയങ്ങൾക്കുള്ള വ്യക്തമായ മറുപടിയല്ല ഹാജരാക്കിയത്. പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും മേൽ അപാകതകൾ ഉണ്ടാകാതെ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-24 ജൈവ വള വിതരണം - ടെണ്ടർ നടപടി സുതാര്യമല്ല

| | |
|---|---|
| പ്രൊജക്ട് നം./പേര് | 175/ജൈവ വളം വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ആകെ തുക | 2000000 +666667 -2666667 |
| ചെലവ് | 272190 (ഗുണഭോക്തൃ വിഹിതം മാത്രം) |

മേൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഇ ടെണ്ടർ രീതിയാണ് സാധനങ്ങൾ വാങ്ങുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. ആയത് പ്രകാരം ടെണ്ടറിൽ പങ്കെടുത്ത 6 കമ്പനികളിൽ നിന്നും 4 കമ്പനികളുടെ നീം കേക്ക് സാമ്പിളുകൾ 24-01-2023 തീയതിയിൽ അനലറ്റിക്കൽ പരിശോധനയ്ക്കായി IISR കോഴിക്കോട് സെന്ററിലേക്ക് അയക്കുകയും 21-02-2023 തീയതി അനലറ്റിക്കൽ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

ടെണ്ടറിൽ പങ്കെടുത്തവരുടെ വിവരങ്ങളും നിരക്കും ചുവടെ ചേർക്കുന്നു.

| ക്രമ നം | കമ്പനി പേര് | ക്വോട്ട് ചെയ്ത തുക | ബിഡ് റാങ്ക് |
|---|---|---|---|
| 1 | സേഫക്സ് ഓർഗാനിക് പ്രൈവറ്റ് ലി. | 36.75 | H1 |
| 2 | അഗ്രി കെയർ അസ്സോസിയേറ്റ്സ് | 35.40 | H2 |
| 3 | വള്ളുവനാട് ബോൺ പ്രൊഡക്റ്റ്സ് | 35.40 | H2 |
| 4 | ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ് | 34.40 | H3 |
| 5 | ബോണഫൈഡ് ഓർഗാനിക് ഫെർടിലൈസർ | 32.00 | H4 |
| 6 | ചിറ്റൂർ അഗ്രി. കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി | 28.80 | H5 |

മേൽ കൊടുത്തിരിക്കുന്നവയിൽ നിന്നും 4 കമ്പനികളുടെ അനലറ്റിക്കൽ റിപ്പോർട്ട് ആണ് ഫയലിൽ ഉള്ളത്.

| ക്രമ നം | സാമ്പിൾ കോഡ്/കമ്പനി | N(%) | P2O5(%) | K2O(%) | Oil(%) | തുക |
|---|---|---|---|---|---|---|
| 1 | VPR-01/23<br>വള്ളുവനാട് | 1.68 | 0.41 | 1.6 | 10.3 | 35.40 |
| 2 | VPR-02/23<br>അഗ്രി കെയർ | 2.94 | 0.69 | 2.0 | 11.0 | 35.40 |
| 3 | VPR-03/23<br>ഹൈറേഞ്ച് | 2.20 | 0.42 | 1.8 | 10.5 | 34.40 |
| 4 | VPR-04/23<br>ബോണഫൈഡ് | 4.20 | 1.10 | 2.3 | 9.5 | 32 |

കൃഷി ഓഫീസറുടെ 27-01-2023-ലെ വി.പി.ആർ. 04/23 കത്ത് പ്രകാരം ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സിന്റെ ടെണ്ടർ അംഗീകരിച്ചതായി അറിയിച്ചുകൊണ്ടുള്ള കത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ളതായും 10-02-2023 തീയതിയിലെ വി.പി.ആർ. 04/23 കത്ത് പ്രകാരം ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സ് പുളിയൻമലയ്ക്ക് (ക്രമ നം.3) വിതരണ ഉത്തരവ് നൽകിയിട്ടുള്ളതായും കാണുന്നു. IISR കോഴിക്കോട് നിന്നും അനലറ്റിക്കൽ റിപ്പോർട്ട്

ലഭിക്കുന്നത് 21-02-2023 ൽ മാത്രമാണ് എന്നിരിക്കെ 10.02.2023-ന് തന്നെ നിലവിൽ മൂന്നാമത്തെ തുക (H3) ക്വാട്ട് ചെയ്ത ഹൈറേഞ്ച് ഫെർട്ടിലൈസേഴ്സിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്.

ഈ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/30-11-2023) നൽകിയ മറുപടിയിൽ അനലറ്റിക്കൽ റിപ്പോർട്ട് ഫോൺ മുഖേന വിളിച്ചറിയിച്ചിരുന്നു എന്നും അതിൻ പ്രകാരമാണ് ടെണ്ടർ അംഗീകരിച്ചത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പരിശോധനാഫീസായ ₹7080/- ഒടുക്കിയിട്ടുള്ളത് ഇൻവോയ്സ് നമ്പരായ S1/2022/2649 തീയതി. 22.02.2023 മുഖാന്തിരമാണ് എന്നതിൽ നിന്നും 10.02.2023-ന് തന്നെ പരിശോധന ഫലം ഫോൺ മുഖേന ലഭിച്ചിരുന്നു എന്ന പ്രസ്താവന ശരിയല്ല എന്ന് വ്യക്തമാണ്.

സുതാര്യമല്ലാത്ത ടെണ്ടർ നടപടിയിൽ ഭരണവകുപ്പ് അന്വേഷണം നടത്തി ഉചിതനടപടി സ്വീകരിക്കേണ്ടതാണ്.

1-25 എസ്. സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ- ഫർണ്ണിച്ചറുകൾ പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല

പ്രോജക്ട് നം. 180/23

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ, ഗവ. എൽ. പി. എസ്. വണ്ടിപ്പെരിയാർ

ബിൽ നം. 2210025201680149824O / 27.03.23 ₹557749/-

മേൽ പദ്ധതി പ്രകാരം ആർട്കോ ലിമിറ്റഡ് ചെങ്ങന്നൂർ ബ്രാഞ്ചിന്റെ 23.03.23 ലെ ALP.808 നമ്പർ ഇൻവോയ്സ് പ്രകാരം ഒരു മേശ, കസേര ഇവയടങ്ങുന്ന ഒരു യൂണിറ്റിന് ₹4850/- നിരക്കിൽ ആകെ 115 യൂണിറ്റ് മേശ, കസേരകൾ വാങ്ങിയിരിക്കുന്നു. വിതരണരേഖകൾ പരിശോധിച്ചതിൽ 109 യൂണിറ്റുകൾ മാത്രമാണ് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽപെട്ട അർഹരായ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തത്. ശേഷിക്കുന്ന 6 എണ്ണം കൂടി വിതരണം ചെയ്യുന്നതുവരേയ്ക്കും ടി ആറ് യൂണിറ്റിന്റെ വിലയായ ₹29100/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 വിവിധ ഏജൻസികൾക്ക് മുൻകൂറുകൾ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നു.

2018-19 മുതൽ 2021-22 വരെ വിവിധ നിർവ്വഹണ ഏജൻസികൾക്ക് പഞ്ചായത്ത് നിക്ഷേപപ്രവൃത്തികൾക്കായി നല്കിയ തുകകൾ ഇതുവരെയും ക്രമീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ചെക്ക്/ബിൽ നം/തീയതി | തുക, ₹ |
|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 6541624/21.01.2022 | 5278000 |

| | | | | |
|---|---|---|---|---|
| | | ആകെ | | 5278000 |
| 2 | കെ.എസ്.ഇ.ബി. | മഞ്ചുമല ഐ എച്ച് ഡി പി വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 191001252013601053404/19.01.2020 | 48378 |
| | | വാർഡ് 6 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21900959/17.01.20 | 7447 |
| | | വാർഡ് 6 ലക്ഷംവീട് കുടിവെള്ള പദ്ധതി | 191002520138000039677/05.04.19 | 201479 |
| | | മഞ്ചുമല ഐ എച്ച് ഡി പി വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21801200/13.02.19 | 100000 |
| | | വാർഡ് 17 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 218010201/13.02.19 | 20000 |
| | | വാർഡ് 18 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 218010202/13.02.19 | 330340 |
| | | വാർഡ് 7 വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 218010203/13.02.19 | 20000 |
| | | ആകെ | | 727644 |

മേൽ മുൻകൂറുകൾ ഇപ്രകാരമായിരിക്കെ ബാലൻസ്ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം വൈദ്യുതി ബോർഡിന് നല്കിയിട്ടുള്ള മുൻകൂർ ₹903988/- എന്നാണ് ചേർത്തിരിക്കുന്നത്. കൂടാതെ Advance To Others (450220108) എന്ന ശീർഷകത്തിൽ ₹2231372/- ഉം ചേർത്തിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി മുൻകൂറുകളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. പദ്ധതികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മുൻകൂറിൽ നിന്നും സ്ഥാവര ആസ്തി ശീർഷകത്തിലേയ്ക്ക് ക്രമീകരിച്ച് വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

| വിഹിതം നല്കിയ സ്ഥാപനം | പ്രോജക്ട് നം.- പേര് | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | ചെലവ് |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 331/22-23 –സുവർണ്ണഭവനം പദ്ധതി | 2022-23 | 200000 | 200000 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 209/22-23 –ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 2022-23 | 262300 | 262300 |
| അഴുത ബ്ലോക്ക് പഞ്ചായത്ത് | ,, | 2022-23 | 592150 | 592150 |
| അഴുത ബ്ലോക്ക് പഞ്ചായത്ത് | 48/22-23 – എച്ച്.പി.സി.ഭാഗം റോഡ് കോൺക്രീറ്റിംഗും സംരക്ഷണ ഭിത്തി നിർമ്മാണവും | 2022-23 | 598583 | 598583 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരമുള്ള തുകയാണ് മുകളിലെ പട്ടികയിൽ ചേർത്തിരിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രികയുടെ ബി.4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയിൽ നീക്കിയിരിപ്പ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം. | ഹെഡ് കോഡ് | സംയുക്ത പ്രോജക്ടിന് തുക നൽകിയ സ്ഥാപനം | ബി 4 ഷെഡ്യൾ പ്രകാരം നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700105 | ജില്ലാ പഞ്ചായത്ത് | 39734 |
| 2 | 320700204 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 1160001 |
| 3 | 320700205 | ജില്ലാ പഞ്ചായത്ത് | 142815 |
| 4 | 320700404 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 48600 |
| 5 | 320700405 | ജില്ലാ പഞ്ചായത്ത് | 2025000 |

മേൽ തുകകളുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രോജക്ടുകൾ നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | അടങ്കൽ | ചെലവ് |
|---|---|---|---|
| 99/23 അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | കെ എസ് ഇ ബി | മെയിന്റനൻസ് ഗ്രാന്റ് (റോഡി തരം) ₹252883 | ₹252883<br>BRN No. 2210025201360067 2723/20.10.2022 ₹246121<br>2210025201360087 7519/ 07.12.2022 ₹6762 |
| 107/23 ടേക്ക് എ ബ്രേക്ക് കെട്ടിടത്തിനു സമീപമുള്ള ഇലക്ട്രിക് ലൈനും പോസ്റ്റും മാറ്റി സ്ഥാപിക്കൽ | കെ എസ് ഇ ബി | ധനകാര്യ കമ്മീഷൻ അവാർഡ് ₹60000 | ₹46262<br>PFMS I D – 0046EATPAYREQ3008202215693 /24.11.2022 |
| 79/23 വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (SO) | കെ എസ് ഇ ബി | തനത് ഫണ്ട് 69851 | ₹32801<br>ചെക്ക് നം. 14081/18.10.2022 |
| 118/23 വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (SO) | കെ എസ് ഇ ബി | തനത് ഫണ്ട് 300000 | ₹89237<br>ചെക്ക് നം. 6541669/03.12.2022 |
| 13/23 വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം(SO) | ഡിസ്ട്രിക്ട് ഓഫീസർ, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തൊടുപുഴ | ധനകാര്യ കമ്മീഷൻ അവാർഡ് ₹3524127 | ₹56115<br>BRN No. 2210025201360081 8237/ 20.10.2022 |

നിക്ഷേപ പ്രവൃത്തികൾ സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 1-19 ൽ ചേർത്തിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പ സ്വീകരണം-തിരിച്ചടവ് നടപടികൾ നിരീക്ഷിക്കുന്നതിനായി വായ്പ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല (2021-22 വർഷ ഓഡിറ്റ് റിപ്പോർട്ടിലും മേൽ വിഷയം പരാമർശിച്ചിരുന്നു. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു (ധനകാര്യ പത്രിക പ്രകാരമുള്ളത് ).

| വായ്പയുടെ പേര്/ | ഉത്തരവ് | ലഭിച്ച വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/ തീയതി | തുക ₹ | ബാക്കി ഉണ്ടായിരുന്ന തുക ₹ | വായ്പ ₹ | | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ (കെ.യു.ആർ. ഡി.എഫ്. സി) | ലഭ്യമല്ല | 201080000 | 189616029 | 0 | 22459693 | -- | 167156336 |
| ജവഹർ ഭവന പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 25000 | 0 | 00 | -- | 25000 |

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | രസീത് നമ്പർ, തിയതി, തുക | തുകയടച്ചതിന്റെ വിവരം |
|---|---|---|---|
| 2019-20 | 3-4 | 1220103792/22-12-2022/ ₹1089 | കെ.കെ.സുരേന്ദ്രൻ |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1997-98 | 3-39 | 2000-01 | ക്ലബുകൾക്ക് വർത്തമാന പത്രം | നിലവിൽ തുടരുന്നു |
| | 3-42 | 2000-01 | പദ്ധതി നിർവ്വഹണത്തിൽ വ്യാപക അഴിമതി | “ |
| | 3-42(1) | 2000-01 | കുഴൽ കിണർ നിർമ്മാണം | “ |
| | 3-42(2) | 2000-01 | സിനി സ്റ്റുഡിയോ പാറമട റോഡ് നിർമ്മാണം | “ |
| | 3-42(3) | 2000-01 | ടെയ്‌ലറിംഗ് യൂണിറ്റ് | “ |
| | 3-42(4) | 2000-01 | ടെലിവിഷൻ പ്രോജക്ട് | “ |
| | 3-42(5) | 2000-01 | ഏഴാം വാർഡിലെ ജലസേചന പദ്ധതി | “ |
| | 3-42(6) | 2000-01 | കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ് | “ |
| | 3-42(7) | 2000-01 | ഓട നിർമ്മാണം | “ |
| | 3-42(8) | 2000-01 | അർണ്ണക്കൽ ക്ഷേത്രം - ശബരിമല റോഡ് ടാറിംഗ് | “ |
| 2003-04 | 2-1 | 2006-07 3.35.3 | രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കാത്തത് | “ |
| 2006-07 | 3-7 | 2010-11 5.2.21(1) | ജലസേചന പദ്ധതിക്ക് പാഴ്ച്ചെലവ് | “ |

| | | | | |
|---|---|---|---|---|
| | 3-8 | 2010-11<br>5.2.21(2) | ജലസേചന പദ്ധതി – പാഴ്ച്ചെലവ് | “ |
| | ലഘു അവലോകന റിപ്പോർട്ട് | 2014-15<br>4.1.14 | ഇ-ടോയ്‌ലെറ്റുകളും ശൗചാലയങ്ങളും പ്രയോജനപ്പെടുത്തുന്നില്ല | “ |
| 2014-15 | 2-4 | 2016-17<br>അനുബന്ധം 3 | വസ്തുനികുതി അപാകതകൾ | |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 6 | ശ്രീ പി.കെ വിജയൻ, സെക്രട്ടറി | LF.8508/ Spl.cell/ SC2/ 05(1) Dt. 8.12.05 | 18403 | | | | | | 18403 | |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 32(2), 33, 42, 43, 44, 46, 47 | എ. എഡിസൺ, സെക്രട്ടറി | LF.9389/ Spl.cell SC2/02 Dated 30.06.03 | 14195 | | | | | | 14195 | |
| 2 | 1999-00 | 35, 46(a), 57 | എം. കറുപ്പ് സാമി, | LF.6866/ SC2/03 Dated 25.2.04 | 4914 | | | | | | 4914 | |
| 3 | | | എ. എഡിസൺ, സെക്രട്ടറി | LF.6866/ SC2/03 Dated 15.3.04 | 7300 | | | | | | 7300 | |
| 4 | 2005-06 | 3-7 | റോബിൻസൺ, സെക്രട്ടറി | LF.17353/ Spl.cell/ SC2/09 Dated 02.12.10 | 26626 | | | | | | 26626 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 2007-08 | 3-1 Part | കെ.കെ. ശശിധരൻ പിള്ള, എ.ഇ | LF.14934/ Spl.cell/ CSC/ C1/12 Dated 22.2.14 | 2907 | | | | | | 2907 | |
| 6 | | | എസ്. രാജേന്ദ്രൻ, എ.ഇ | LF.14934/ Spl.cell/ CSC/ C1/12 Dated 22.2.14 | 2907 | | | | | | 2907 | |
| 7 | 2011-12 | 3-2 | ശ്രീ എ. സി. മനോജ്, വി. ഇ.ഒ | KSA 12588/Spl. Cell/CSC /C1/2015 Dated 6.12.2017 | 28490 | | | | | | 28490 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹57868716 |
| തൻവർഷത്തെ വരവ് | ₹63618742 |
| ഒട്ടാകെ | ₹121487458 |
| തൻവർഷത്തെ ചെലവ് | ₹66373714 |
| നീക്കിയിരിപ്പ് | ₹55113744 |
| കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23ലെ റെസിപ്റ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത് | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4569191 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | | |
|---|---|---|---|
| 1-19 | 4540091 | 335037 | ശ്രീ. മുഹ്സിൻ പി. എം, സെക്രട്ടറി |
| | | 2470054 | ശ്രീ. സെബാസ്റ്റ്യൻ തോമസ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| | | 1735000 | ശ്രീമതി സീന പി. ആർ, സെക്രട്ടറി |
| 1-25 | 29100 | | ശ്രീ. പി പുഷ്പരാജൻ, ഹെഡ്മാസ്റ്റർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നിജപ്പെടുത്തിയ നഷ്ടം ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | - ഇല്ല - | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹ്സിൻ പി. എം, സെക്രട്ടറി | സെക്രട്ടറി, എലിക്കുളം ഗ്രാമപ്പഞ്ചായത്ത്, കോട്ടയം | പുതുക്കോട്ട് ഹൌസ്, ഇടക്കുന്നം പി.ഒ., കോട്ടയം |
| ശ്രീ. സെബാസ്റ്റ്യൻ തോമസ്, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി, മുണ്ടക്കയം ഗ്രാമപ്പഞ്ചായത്ത് | തയ്യിൽ ഹൌസ്, അമ്പാറനിരപ്പേൽ, പി.ഒ., ഭരണങ്ങാനം, കോട്ടയം |
| ശ്രീമതി സീന പി. ആർ, സെക്രട്ടറി | സെക്രട്ടറി, കാഞ്ഞിരപ്പള്ളി ഗ്രാമപ്പഞ്ചായത്ത് | വിലങ്ങുപാറ ഹൌസ്, ഇടയരിക്കപ്പുഴ പി ഒ, കങ്ങഴ, കോട്ടയം |
| ശ്രീ. പി പുഷ്പരാജൻ, ഹെഡ്മാസ്റ്റർ | ഗവ. എൽ. പി. സ്കൂൾ, വണ്ടിപ്പെരിയാർ | കല ഇല്ലം, 63-ാം മൈൽ, ചോറ്റുപാറ പി ഓ |

4-10- തീർപ്പാക്കാനുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ | ഖണ്ഡിക |
|---|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-6/401/98/ 30.01.1999 | | |
| 1997-98 | എൽ.എഫ്.ഐ-6/25/2000/ 03.07.2004 | 5 | 3,11,24,30,42,3-39 |
| 1998-99 | എൽ.എഫ്.ഐ-6/ 131/01/26.03.2001 | 14 | 20(സി), 25, 26, 30, 32, 33, 35, 37, 42, 43, 44, 45, 46, 47 |
| 1999-00 | എൽ.എഫ്.ഐ-6/ 82/03/14.03.2003 | 24 | 9, 13, 14, 20, 21, 22, 23, 24, 25, 30, 31, 35, 34, 40, 41, 42, 46, 50, 51, 53, 54, 55, 56, 57, 58, 50, 60 |
| 2000-01 | എൽ.എഫ്.ഐ-6/ 737/02/27.06.2003 | 34 | 20-53 |
| 2001-02 | എൽ.എഫ്.ഐ-6/ 718/03/ 13.10.2004 | 11 | 2-1(എ), 2-6, 2-9<br>2-11, 2-16 – 2-20, 3-17 |
| 2002-03 | എൽ.എഫ്.ഐ-6/ 456/05/07.02.2006 | 16 | 2-10, 3-7 – 3-9, 3-11, 3-14, 3-19, 3-20, 3-25, 3-27, 3-29, 3-30 |
| 2003-04 | എൽ.എഫ്.ഐ-6/ 863/06/01.03.2007 | 5 | 3-2, 3-4 – 3-7 |
| 2004-05 | എൽ.എഫ്.ഐ-6/ 933/07/05.04.2008 | 2 | 3-1, 3-2 |
| 2005-06 | എൽ.എഫ്.ഐ-6/ 488/08/12.01.2008 | 14 | 2-3, 2-4, 3-2 – 3-13 |
| 2006-07 | എൽ.എഫ്.ഐ-6/ 391/11/20.07.2011/ 29.09.2011 | 19 | 2-2, 2-3, 2-4, 2-5,2-6, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2007-08 | എൽ.എഫ്.ഐ-6/299/2012 / 01.06.2012/05.07.2012 | 13 | 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8 |
| 2008-09 | എൽ.എഫ്.ഐ-8/1225/ 11/15.106.2013/13.01.2014 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2009-10 | എൽ.എഫ്.ഐ-8/875/12/ 15.10.2013/08.01.2014 | 15 | 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2010-11 | എൽ.എഫ്.ഐ-8/520/20/ 06.06.2014/17.09.2014 | 9 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2011-12 | എൽ.എഫ്.ഐ-8/366/2015/ 10.06.2015 | 20 | 2-2, 2-4, 3-1, 3-2, 3-3, 3-4,<br>3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,<br>3-15, 3-16, 3-17, 3-18 |
| 2012-13 | എൽ.എഫ്.ഐ-8/1128/ 2015/31.12.2015 | 4 | 2-4, 3-1, 3-2, 3-3 |

| | | | |
|---|---|---|---|
| 2013-14 | കെ.എസ്.എ.-ഐ.ഡി.കെ. 8/ 1140/15/തീ.31.08.2016 | 15 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-8/289/2017/തീ.14.03.2017 | 16 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 3-1, 3-2, 3-3, 3-4, 3-5 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-6/506/2017തീ.19.04.2017 | 10 | 2-1, 2-2, 3-1, 3-3, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-6/ 1647/2017/തീ. 21.03.2018 | 14 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-13 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-6/54/2019/തീ. 14.02.2019 | 8 | 2-4, 3-1, 3-2, 3-3, 3-4, 3-5, 3-8, 3-11 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ-8/275/2020/തീ. 25.05.2020 | 27 | 1-11 മുതൽ 1-33 വരെ, 3-1, 4-8, 4-9, 4-11 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-8/66/2022/തീ. 21.03.2022 | 29 | 1-9 മുതൽ 1-29 വരെ, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-8/67/2022/തീ. 22.03.2022 | 34 | 1-9 മുതൽ 1-39 വരെ, 2-1, 3-1, 3-2 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ. പി2-281/2023/തീ 25.04.2023 | 19 | 1-9 മുതൽ 1-26വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 14-08-2023 and submitted on 17-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Vandiperiyar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vandiperiyar Grama Panchayat for the year 2022-2023

Date: 28/12/2023

Deputy Director
District Office Idukki
Kerala State Audit Department

## Audit Report appended to the Audit Certificate of Vandiperiyar Grama Panchayat for the Year 2022-2023 .

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.

2. Non-disclosure of assets. Asset register is not comprehensive and up to date.

**2.Other Observations**

1. Cash Flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2. Monthly bank reconciliation statement not prepared.

3. Cheques uncashed for more than 3 months were not transferred to stale cheque account.

4. Cheques deposited but not credited.

5. Registers, viz., Advance Register, Deposit Register, Loan Register, Stock Register, Asset Register etc., are not maintained correctly and or does not match with accounts.

6. Lapses in making timely and accurate demand entries in respect of tax and non tax revenue.

7. Grant liability amounts shown as liability in Balance Sheet ( B4- Schedule) does not match with bank accounts maintained for the same.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്